## APPENDIX H4

## NOTICE

This is to inform Sri.Lijo Joseph, Detective Inspector, Crime Branch Central Unit- II, Ernakulam that oral enquiry has been ordered as contemplated under Kerala Police Departmental Inquiries, Punishment and Appeal Rules, 1958 in order No.A1-914/2022/CB-ER, Dated.24.02.2022 against you for your unauthorized absence from official duty with effect from 05.08.2021 and Enquiry officer conducted enquiry in your absence and submitted PR minutes with the finding that you are abroad and the allegations against you are proved. Get along with the findings of enquiry officer; I temporarily decided to remove you from service and issued show cause notice to offer your explanation if any in this regard within 15 days. But so far you have not responded on it. Hence punishment temporarily decided is herewith confirmed. A proceeding of punishment awarded is attached herewith. For detailed information, visit the Government website concerned i.e.www.kerala.gov.in

Designation of the disciplinary authority:

Addl. Director General of Police
Kerala Armed Police Battalion
(i/c) Inspector General of Police,
Crime Branch Ernakulam Range,
Thrippunithura, Ernakulam.

Name of Officer: H Venkatesh IPS

**INSPECTOR GENERAL OF POLICE**
**CRIME BRANCH ERNAKULAM RANGE**
**ERNAKULAM**

To

Lijo Joseph,
s/o Varkey,
Vadakkedath House,
Mundakayam, 31 rd Mile Kara,
Kanjirappilly, Kottayam.

A1-686/2023 CBCU

പോലീസ് വകുപ്പ്

കേരളം

## ക്രൈംബ്രാഞ്ച് എറണാകുളം റേഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറലുടെ നടപടിക്രമം

### സാന്നിദ്ധ്യം- എച്ച്.വെങ്കിടേഷ് ഐ.പി.എസ്.

**നമ്പർ. A1-914/2022/CB-ER dated 20.01.2023)**

വിഷയം:അച്ചടക്കനടപടി-ശ്രീ.ലിജൊ ജോസഫ് (PEN-266166),ഡിറ്റക്ടീവ് ഇൻസ്പെക്ടർ-I ക്രൈംബ്രാഞ്ച്, സെൻട്രൽ യൂണിറ്റ്-II-ന് എതിരായുള്ള വാച്യാന്വേഷണം-ശിക്ഷണനടപടി സ്വീരികരിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്.

സൂചന:1)No-A1-2046/2021/CB-CU-II-Ernakulam- പ്രകാരം പോലീസ് സൂപ്രണ്ട്, ക്രൈംബ്രാഞ്ച്, സെൻട്രൽ യൂണിറ്റ്-II സമർപ്പിച്ച സ്പെഷ്യൽ റിപ്പോർട്ട്

2)A2-/2125/2021/CB-ER Dated 24.02.2022 പ്രകാരമുള്ള ബഹു. സംസ്ഥാന പോലീസ് മേധാവി അവർകളുടെ കത്ത്

3)ഈ ഓഫീസിലെ A1-914/2022/CB-ER dated 24.02.2022 പ്രകാരമുള്ള വാച്യാന്വേഷണ ഉത്തരവ്.

4)No-01/PR/OE/DySP/CB/CU-II-Ernakulam- പ്രകാരം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ക്രൈംബ്രാഞ്ച്, സെൻട്രൽ യൂണിറ്റ്-II, എറണാകുളം സമർപ്പിച്ച ശിക്ഷണ നടപടിക്കുറിപ്പുകൾ.

5) A1-914/2022/CB-ER dated 19.10.2022 പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ്.

ക്രൈംബ്രാഞ്ച് എറണാകുളം സെൻട്രൽ യൂണിറ്റ്-II-വിൽ ഡിറ്റക്ടീവ് ഇൻസ്പെക്ടർ-I ആയി പ്രവർത്തിയെടുത്തു വരുന്ന ലിജൊ ജോസഫ് (PEN-266166) ആയ താങ്കൾ വിദേശത്തുള്ള കുടുബത്തെ സന്ദർശിക്കുന്നതിനായ് 119 ദിവസത്തെ ശൂന്യവേതന അവധിക്ക് അപേക്ഷിച്ചിരുന്നതും ആയത് പരിഗണിച്ച് A2-2125/2021/CB-ER Dated 05.04.2021 ഉത്തരവ് പ്രകാരം 08.04.2021 തിയതിമുതൽ 04.08.2021 തിയതി വരെ 119 ദിവസത്തെ ശൂന്യവേതന അവധി അനുവദിച്ചിരുന്നതും തുടർന്ന് 08.04.2021 തിയതി മുതൽ അവധിയിൽ പ്രവേശിച്ച താങ്കൾ അവധി കഴിഞ്ഞ് 05.08.2021 തിയതി തിരികെ ജോലിക്ക് ഹാജരാകാതെയും ആയതിനുള്ള യാതൊരു കാരണവും മേലധികാരികളെ

ബോധിപ്പിക്കാതെയും വന്നതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ക്രൈംബ്രാഞ്ച് സെൻട്രൽ യൂണിറ്റ് -II പോലീസ് സൂപ്രണ്ട് സൂചന 1 പ്രകാരം സമർപ്പിച്ച സ്പെഷ്യൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താങ്കൾക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് ബഹു. സംസ്ഥാന പോലീസ് മേധാവി അവർകളുടെ സൂചന-2 ഉത്തരവ് പ്രകാരം ക്രൈംബ്രാഞ്ച് എറണാകുളം റേഞ്ച് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിനെ ചുമതലപ്പെടുത്തുകയാൽ അയച്ചുകിട്ടിയ റിപ്പോർട്ടും രേഖകളും പരിശോധിച്ചതിൽ നിന്നും അവധി കഴിഞ്ഞ് അകാരണമായി ജോലിക്ക് ഹാജരാകാതിരുന്ന താങ്കളുടെ പ്രവർത്തി ഗുരുതരമായ അച്ചടക്ക ലംഘനമാണെന്നു പ്രാഥമികമായി ബോദ്ധ്യപ്പെടുകയാൽ 1958- ലെ കേരള പോലീസ് അന്വേഷണ ശിക്ഷണ അപ്പീൽ ചട്ടങ്ങളിലെ ചട്ടം- 6 -ന് വിധേയമായി താങ്കൾക്കെതിരെ മേൽ ആരോപണങ്ങൾ സംബന്ധിച്ച് വിശദമായ ഒരു വാച്യാന്വേഷണം നടത്തുന്നതിന് ടി ചട്ടങ്ങളിലെ തന്നെ 8 (1) (ii) പ്രകാരം ക്രൈംബ്രാഞ്ച് എറണാകുളം റേഞ്ച് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് പക്കൽ നിന്നും എറണാകുളം ക്രൈംബ്രാഞ്ച് സെൻട്രൽ യൂണിറ്റ്-II ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് റെക്സ് ബോബി അർവിനെ സൂചന 3 ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിരുന്നതും അന്വേഷണ ഉദ്യോഗസ്ഥൻ കുറ്റാരോപണ മെമ്മൊ തയ്യാറാക്കി അംഗീകാരം വാങ്ങിയും ചട്ടപ്രകാരം അന്വേഷണം പൂർത്തിയാക്കിയും സൂചന-4 പ്രകാരം ശിക്ഷണനടപടി കുറിപ്പുകൾ സമർപ്പിച്ചിട്ടുള്ളതുമാണ്.

അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ചിട്ടുള്ള ശിക്ഷാവിവരപത്രികയും വാച്യാന്വേഷണത്തിലേക്ക് ഉൾപ്പെടുത്തിയിട്ടുള്ള (Exhbt-P1,Exhbt-P2,Exhbt-P3, Exhbt-P4,Exhbt-P5, Exhbt-P6, Exhbt-P6(A), Exhbt-P6(B) എന്നീ അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും Exhbt-P1 പ്രകാരം 31.03.2021 തിയതി താങ്കൾ 08.04.2021 തിയതി മുതൽ 04.08.2021 തിയതി വരെ താങ്കൾ അവധിക്ക് അപേക്ഷിച്ചതായും Exhbt-P2 പ്രകാരം താങ്കൾക്ക് 119 ദിവസത്തെ ശൂന്യവേതന അവധി അനുവദിച്ചതായും Exhbt-P3 പ്രകാരം പോലീസ് സൂപ്രണ്ട്, ക്രൈംബ്രാഞ്ച്, സെൻട്രൽ യൂണിറ്റ്-II താങ്കളുടെ ഔദ്യോഗിക ചുമതല ഡിറ്റക്റ്റീവ് ഇൻസ്പെക്ടർ -II ന് കൈമാറുന്നതിന് നടപടിക്രമം പുറപ്പെടുവിച്ചിട്ടുള്ളതായും Exhbt-P4 പ്രകാരം താങ്കൾ ചുമതല കൈമാറിയിട്ടുള്ളതായും Exhbt-P5 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് പ്രകാരം താങ്കൾ വിദേശരാജ്യമായ അയർലണ്ടിൽ താമസിച്ചു വരികയാണെന്നും വിദേശത്തായ താങ്കൾക്ക് കുറ്റാരോപണമെമ്മൊ നേരിട്ട് കൈമാറാൻ സാധിക്കാതെ വന്നതിൽ വച്ച് താങ്കളുടെ ലഭ്യമായ lijovadakkedam@yaho.com.in എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചു തന്നിട്ടുള്ളതായും ആയതിന് താങ്കൾ യാതൊരു സമാധാനവും ബോധിപ്പിച്ചിട്ടില്ലാ ത്തതായും തുടർന്ന് GO(MS)No-07/2014/Vig.dated 22.04.2014 ഉത്തരവിന് വിധേയമായി കുറ്റാരോപണ മെമ്മൊ താങ്കളുടെ അറിവിലേക്ക് സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയും Exhbt-P6,Exhbt-P6(A),Exhbt-P6(B) പ്രകാരം

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെൻറ് മുഖാന്തിരം മലയാള മനോരമ ദേശാഭിമാനി എന്നീ മലയാള ദിനപത്രങ്ങളിൽ ചട്ടപ്രകാരം Appendix H5 നോട്ടീസ് പ്രസിദ്ധീകരിച്ചതായും ബോധ്യപ്പെടുന്നുണ്ട്. ശിക്ഷണനടപടി കുറിപ്പുകളുടേയും അനുബന്ധ രേഖകളുടേയും അടിസ്ഥാനത്തിൽ അച്ചടക്കം പരമപ്രധാനമായ പോലീസ് സേനയിലെ ഉദ്യോഗസ്ഥൻ എന്ന നിലക്ക് നിങ്ങൾക്കെതിരായ കുറ്റാരോപണ മെമ്മോയിലെ ആരോപണം തെളിയുന്നുണ്ടെന്ന് കാണിച്ച് വാച്യാന്വേഷണം നടത്തിയ എൻക്വയറി ഓഫീസർ ശിക്ഷണ നടപടിക്കുറിപ്പുകൾ സമർപ്പിച്ചിരിക്കുന്നത്.

ശിക്ഷണ നടപടിക്കുറിപ്പുകൾ പരിശോധിച്ചതിൽ നിന്നും നിങ്ങളുടെ മേൽ പ്രവൃത്തി ഗുരുതരമായ വീഴ്ചയും അച്ചടക്കലംഘനവും, ആണെന്ന് അന്വേഷണത്തിൽ തെളിഞ്ഞതായി കാണിച്ചുള്ള അന്വേഷണ ഉദ്യോഗസ്ഥൻെറ നിഗമനത്തോട് യോജിച്ചുകൊണ്ട് താങ്കൾക്കെതിരെ തെളിഞ്ഞതായി ബോധ്യപ്പെട്ട കുറ്റങ്ങൾക്കുള്ള ശിക്ഷയായി ചട്ടപ്രകാരം നിക്ഷിപ്തമായ ശിക്ഷണാധികാരത്തിന് വിധേയമായ് 1958-ലെ കേരള പോലീസ് അന്വേഷണശിക്ഷണ അപ്പീൽ ചട്ടങ്ങളിലെ ചട്ടം 15(1) പറയും പ്രകാരം താങ്കളെ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്ക്കാലിക തീരുമാനം കൈക്കൊണ്ടിട്ടുള്ളതായും ആയതിനെതിരെ താങ്കൾക്ക് എന്തെങ്കിലും സമാധാനം ബോധിപ്പിക്കാനുണ്ടെങ്കിൽ പതിനഞ്ച് (15) ദിവസത്തിനകം ആയത് ഹാജരാക്കണമെന്ന കാണിച്ച് സൂചന-5 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് തയ്യാറാക്കി ആയത് താങ്കൾക്ക് നേരിട്ട് കൈമാറുന്നതിന് എറണാകുളം ക്രൈംബ്രാഞ്ച് സെൻട്രൽ യൂണിറ്റ്-II പോലീസ് സൂപ്രണ്ട് മുഖാന്തിരം പ്രത്യേക ദൂതൻ വഴി അയപ്പിച്ചുവെങ്കിലും താങ്കൾ നാട്ടിൽ ഇല്ല എന്നും വിദേശരാജ്യമായ അയർലണ്ടിൽ താമസിച്ചു വരികയാണെന്നും നോട്ടീസിലെ വിവരം താങ്കളുടെ പിതാവിനെയും സഹോദരനെയും അറിയിച്ച് നോട്ടീസിൻെറ പകർപ്പ് കൈമാറി സാക്ഷ്യംവാങ്ങിയും താങ്കളുടെ ലഭ്യമായ lijovadakkedam@yaho.com.in എന്ന ഇ-മെയിൽ വിലാസത്തിൽ നോട്ടീസ് അയച്ചുതന്നിട്ടുള്ളതായും കാണിച്ച് കാരണം കാണിക്കൽ നോട്ടീസ് No-A1-5357/2022/CB-CU-II-Ernakulam-Dated 28.11.2022 പ്രകാരമുള്ള റിപ്പോർട്ട് സഹിതം തിരികെ ഹാജരാക്കിയതിനെ തുടർന്ന് GO(MS)No-07/2014/Vig. Dated 22.04.2014 ഉത്തരവിന് വിധേയമായ് കാരണം കാണിക്കൽ നോട്ടീസ് ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെൻറ് മുഖാന്തിരം കേരള സർക്കാർ വെബ്സൈറ്റിൽ 21.12.2022 തിയതി ചട്ടപ്രകാരം പ്രസിദ്ധപ്പെടുത്തുകയും മാതൃഭൂമി,ദേശാഭിമാനി എന്നീ ദിനപത്രങ്ങളുടെ എല്ലാ എഡിഷനുകളിലും കാരണം കാണിക്കൽ നോട്ടിസിൻെറ സംഗ്രഹം ഉൾപ്പെടുത്തിയ Appendix H5 നോട്ടീസ് 22.12.2022 തിയതി ചട്ടപ്രകാരം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ആയതിലേക്ക് നാളിതുവരെ താങ്കൾ യാതൊരു വിധ സമാധാനവും ഹാജരാക്കിയിട്ടില്ലാത്തതാണ്.

ആയതിനാൽ ടി കാരണം കാണിക്കൽ നോട്ടിസിലേക്ക് താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ലെന്നു കണക്കാക്കിക്കൊണ്ട് ശ്രീ.ലിജൊ ജോസഫ് (PEN-266166),

ഡിറ്റക്ടീവ് ഇൻസ്പെക്ടർ-I ക്രൈംബ്രാഞ്ച്, സെൻട്രൽ യൂണിറ്റ്-II, എറണാകുളം എന്ന താങ്കളെ സൂചന 4 പ്രകാരമുള്ള ശിക്ഷണ നടപടികുറിപ്പുകളുടെ അടിസ്ഥാനത്തിൽ താങ്കൾക്കെതിരെ തെളിഞ്ഞിട്ടുള്ള പ്രവർത്തികൾക്കുള്ള ശിക്ഷയായി 1958- ലെ കേരള പോലീസ് അന്വേഷണശിക്ഷണ അപ്പീൽ ചട്ടങ്ങളിലെ ചട്ടം 15(l) പറയും പ്രകാരം താങ്കളെ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

മേൽ തീരുമാനത്തിനെതിരെ താങ്കൾക്ക് ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളിൽ ചട്ടപ്രകാരം അപ്പീൽ സമർപ്പിക്കുന്നതിനുള്ള അവകാശമുള്ളതാണ്.

28/1/23

അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്
കേരള സായുധ സേന വിഭാഗം, കേരള
ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്(അധിക ചുമതല)
ക്രൈംബ്രാഞ്ച്, എറണാകുളം റേഞ്ച്

സ്വീകർത്താവ് : ലിജോ ജോസ് ഡിറ്റക്ടീവ് ഇൻസ്പെക്ടർ-I ക്രൈംബ്രാഞ്ച്, സെൻട്രൽ യൂണിറ്റ്-II, എറണാകുളം-,

പകർപ്പ് :1)പോലീസ് സൂപ്രണ്ട്, ക്രൈംബ്രാഞ്ച് സെൻട്രൽ യൂണിറ്റ്-II, എറണാകുളം പക്കൽ (ശിക്ഷവിവരപത്രിക സഹിതം) അയക്കുന്നു. ആയത് ലിജോ ജോസ് ഡിറ്റക്ടീവ് ഇൻസ്പെക്ടർ-I ക്രൈംബ്രാഞ്ച്, സെൻട്രൽ യൂണിറ്റ്-II, എറണാകുളം-നു താമസം വിന കൈമാറി ടിയാൻെറ തിയതിയോട്ടു കൂടിയ സാക്ഷ്യം വാങ്ങി ഹാജരാക്കി തരേണ്ടതാണ്.

2)സംസ്ഥാന പോലീസ് മേധാവി, കേരളം അവർകളുടെ അറിവിലേക്കും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം മുമ്പാകെ ആവശ്യമായ അനന്തരനടപടികൾക്കുമായ്.

3)അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ക്രൈംബ്രാഞ്ച് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം അവർകളുടെ അറിവിലേക്ക്

4)ഐ.ജി.ഒ രജിസ്റ്റർ & ഫയൽ